(സി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഇല്ല. നിലവിൽ സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി NABARD, RIDF, മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം, പ്ലാൻ ഫണ്ട് തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്നു.

സമൂഹത്തിലെ ദുർബ്ബലർക്ക് സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

275 (3255) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമൂഹത്തിലെ ദുർബ്ബലർ, അശരണർ, ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്നവർ, അംഗപരിമിതർ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടത് ; അപേക്ഷയുടെ മാതൃക വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മേൽപ്പറഞ്ഞ ഓരോ പദ്ധതിയും നടപ്പാക്കുന്നതിനായി എത്ര തുക ചെലവഴിച്ചുവെന്ന് പദ്ധതിയുടെ പേരും വർഷവും സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗ സാമൂഹ്യക്ഷേമ പദ്ധതികൾ

276 (3256) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പ് വഴി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly